ദുരിതാശ്വാസ, ചികിത്സാസഹായം നടപടിക്രമങ്ങൾ ലഘൂകരിക്കൽ നടപടി

69 (70) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ദുരിതാശ്വാസത്തിന് സമർപ്പിക്കുന്ന അപേക്ഷയിൽ എന്തെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നത് വിശദമാക്കുമോ ;

(ബി) മതിയായ എല്ലാ രേഖകളും സഹിതം വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനായി എം.എൽ.എ.മാരുടെ കത്ത് സഹിതം അപേക്ഷ റവന്യൂ വകുപ്പ് ഓഫീസുകളിൽ സമർപ്പിച്ചാലും റിപ്പോർട്ട് നൽകാതിരിക്കുകയും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് നേരിട്ട് റിപ്പോർട്ട് ആവശ്യപ്പെട്ടാൽ മാത്രമേ വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദുരിതാശ്വാസത്തിനും ചികിത്സാ സഹായത്തിനും സമർപ്പിക്കുന്ന അപേക്ഷകൾക്ക് എം.എൽ.എ.മാരുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടാൽ വില്ലേജ്, താലൂക്ക്, കലക്ടറേറ്റ് മേധാവികൾ ആയത് നൽകുന്ന തലത്തിലേയ്ക്ക് നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ദുരിതാശ്വാസ സഹായം ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ, മരണ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതി തള്ളാൻ നടപടി

70 (71) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ രോഗികളുടെ പട്ടികയിൽപ്പെട്ട രോഗികളോ, അവരുടെ രക്ഷിതാക്കളോ ആയ എത്രപേർ വിവിധ ബാങ്കുകളിൽനിന്ന് വായ്പയെടുത്തിട്ടുണ്ട് ;

(ബി) ഓരോരുത്തരുടെയും പേരുവിവരങ്ങളും, വായ്പകുടിശ്ശികയും സംബന്ധിച്ച് വിശദീകരിക്കുമോ ;

(സി) എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതി തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മാനദണ്ഡം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) എൻഡോസൾഫാൻ ദുരിത ബാധിതരും അവരുടെ കുടുംബംഗങ്ങളുമായി 3894 പേർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തിട്ടുള്ളതായി ബോദ്ധ്യമായിട്ടുണ്ട്. കടബാദ്ധ്യതകൾ എഴുതി തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾ സ്വീകരിക്കുന്ന നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ പേരുവിവരങ്ങളും വായ്പാകുടിശ്ശികയുടെയും വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി & ഡി) എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടബാധ്യതകൾ എഴുതിതള്ളുന്നതിന് മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് സ.ഉ.(എംഎസ്.) നമ്പർ 298/14/ആ.കു.വ. തീയതി, 10-10-2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിനായുള്ള അപേക്ഷ തീർപ്പ്

71 (72) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിനായുള്ള അപേക്ഷ തീർപ്പ് സംബന്ധിച്ച വിവരങ്ങൾ യഥാസമയം ഔദ്യോഗിക വെബ്സൈറ്റിൽ നൽകാറുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly